മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ്

56(2524) ശ്രീ. കെ. സുരേഷ് കറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തനം പൂർണ്ണമായി ആരംഭിക്കുന്നതിലേക്കായി പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുമായി കൂടി ആലോചിച്ച് ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ചടയമംഗലം മണ്ഡലത്തിലെ ആശുപത്രികളിലെ വികസന പ്രവർത്തനം

57(2525) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പി.എച്ച്.സി., സി.എച്ച്.സി.-കളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഇവയാണ്:

1. ചടയമംഗലം പി.എച്ച്.സി.-യിൽ എം.പി. ഫണ്ട് ഉപയോഗിച്ച് ലാബിനുവേണ്ടി കെട്ടിടം പണിതു.
2. പി.എച്ച്.സി. മടത്തറയിൽ എം.പി. ഫണ്ട് ഉപയോഗിച്ച് കോമ്പൗണ്ട് മതിൽ, ഇന്റീരിയർ വർക്ക് എന്നിവയും പ്ലാൻ ഫണ്ട് ഉപയോഗിച്ച് വെയിറ്റിംഗ് ഏരിയ കെട്ടി ഫാർമസി, ലാബ് എന്നിവയുടെ ഇന്റീരിയർ ജോലിയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

3. വെളിനല്ലൂർ സി.എച്ച്.സി.-യിൽ വനിതാ ക്യാന്റീൻ, ചുറ്റുമതിൽ, ഒ.പി. കെട്ടിടം എന്നിവ ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു. പണി അവസാന ഘട്ടത്തിലാണ്.

4. പി.എച്ച്.സി. മാങ്കോട്, ചിതറ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതിയ ലാബ്, വെയിറ്റിംഗ് ഏരിയ, റാമ്പ്, രണ്ടാം നില, കോൺഫറൻസ് ഹാൾ എന്നീ വികസന പ്രവർത്തനങ്ങൾ നടത്തി. കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആകെ 7.18 കോടി രൂപ (ഏഴുകോടി പതിനെട്ട് ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്. ചടയമംഗലം മണ്ഡലത്തിൽ പി.എച്ച്.സി./സി.എച്ച്.സി.-കൾക്കായി 1.23 കോടിരൂപയും (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷം രൂപ) കടയ്ക്കൽ താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കായി 5.95 കോടി രൂപയും (അഞ്ചു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്.

പാറശ്ശാല താലൂക്കാശുപത്രിയിലെ ഖര-ദ്രവ മാലിന്യ പ്ലാന്റ് സ്ഥാപിക്കൽ

58(2526) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്കാശുപത്രിയിലെ ഖര-ദ്രവ മാലിന്യ പ്ലാന്റ് നിർമ്മാണം 23-4-2015-ലെ പി.എച്ച്.3/70802/2015/ഡി.എച്ച്.എസ്. കത്ത് പ്രകാരം പൈലറ്റ് പ്രോജക്ടായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പൈലറ്റ് പ്രോജക്ട് ഏറ്റെടുക്കാമെന്ന് സമ്മതിച്ചിട്ടുള്ള പെബ് ഗ്ലോബൽ മിഷൻ ഏതെല്ലാം പ്ലാന്റുകളാണ് പൂർത്തിയാക്കിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പാറശ്ശാല താലൂക്കാശുപത്രിയിൽ ഖര-ദ്രവ മാലിന്യ പ്ലാന്റ് നിർമ്മാണം സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (PWD കെട്ടിട വിഭാഗം) എന്നിവരുമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly